**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3456 12/12/2014-ൽ മറുപടിയ്ക്ക്

## ഹൈടെക് കൃഷി രീതി

ചോദ്യം

**ശ്രീ.എസ്.ശർമ്മ**

**,, ബാബു. എം. പാലിശ്ശേരി**

**,, കെ.കെ.നാരായണൻ**

**,, പി.റ്റി.എ. റഹീം**

മറുപടി

**ശ്രീ . കെ.പി.മോഹനൻ**
**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)**

എ) സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന ഹൈടെക് കൃഷി രീതിയുടെ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

എ) സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന ഹൈടെക് കൃഷി രീതിയുടെ വിലയിരുത്തൽ കേരള കാർഷിക സർവ്വകലാശാലയുടെ കർഷക സ്വാന്ത്വന ടീം നടത്തിയിട്ടുണ്ട്. കേരളത്തിലെ ദക്ഷിണ മേഖലയിലെ പോളീഹൗസുകളുടെ വിലയിരുത്തൽ നടത്തിയതിൽ നിന്നും പോളീഹൗസിന്റെ നിർമ്മാണ ത്തിലും പ്രവർത്തനത്തിലുമുള്ള അപാകതകൾ കണ്ടുപിടിക്കുകയും അതിനെ അതിജീവിക്കുവാനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം പൂർത്തീകരിച്ച പോളീഹൗസുകളിലെ അപാകതകൾ പരിഹരിച്ചു വരുന്നു. മാത്രവുമല്ല നിലവിൽ നിർമ്മാണത്തിലുള്ള പോളീഹൗസുകൾ ഈ നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള നിർമ്മാണപ്രവർത്തനങ്ങൾ അവലംബിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ നടപ്പാക്കിവരുന്ന ഹൈടെക് കൃഷി രീതി യുടെ വിലയിരുത്തൽ നടത്തിയിട്ടുണ്ട് വാഴ, പച്ചക്കറി എന്നിവയിലാണ് ഹൈടെക് കൃഷി നടപ്പിലാക്കിയത്. ഹൈടെക് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പോളിഹൗസുകൾ സ്ഥാപിക്കുന്നതിനുള്ള 54 ലക്ഷം രൂപയുടെ ധനസഹായം കൗൺസിലിന് 2012-13 സാമ്പ ത്തിക വർഷം അനുവദിച്ചിട്ടുണ്ട്.

ബി) ഹൈടെക് കൃഷി രീതി നടപ്പാക്കിത്തുടങ്ങി രണ്ടു വർഷം കഴിഞ്ഞിരിക്കെ ഇത് സംസ്ഥാനത്തെ കാർഷികോല്പന്ന രംഗത്ത് എന്തെങ്കിലും ചലനങ്ങൾ സൃഷ്ടിച്ചിട്ടുണ്ടോ; വിശദമാക്കാമോ; സംസ്ഥാനത്ത് ആവശ്യമായി വരുന്ന പച്ചക്കറികൾ ഇത്തരം ഹൈടെക് കൃഷി രീതി നടപ്പാക്കുന്ന കേന്ദ്രങ്ങളിൽ നിന്നും ലഭ്യമാകുന്നുണ്ടോ;

ബി) ഉണ്ട്. ഹൈടെക് കൃഷി ഉത്പാദിപ്പിക്കാവുന്ന വിളകളായ സാലാഡ് വെള്ളരി, പയർ, ക്യാപ്സിക്കം, പാവയ്ക്ക, കോളിഫ്ളവർ, പുഷ്പ വിളകളായ കാർനേഷൻ, ജെർബറ, ഓർക്കിഡ് തുടങ്ങിയവയുടെ ഉത്പാദനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പോളീഹൗസുകളിൽ കീടാക്രമണം താരതമ്യേന കുറവായതിനാൽ ഇവയിൽ പരിമിതമായി കീടനാശിനികൾ ഉപയോഗിക്കുന്നുള്ളൂ. ആയതിനാൽ തന്നെ വിപണിയിൽ ലഭിക്കുന്ന ഇതേഇനം വിളകളെക്കാൾ മികച്ച വില പോളീഹൗസ് ഉത്പന്നങ്ങൾക്ക് ലഭിക്കുന്നുണ്ട്. ഇതിലൂടെ ഹൈടെക് കർഷകർക്ക് മികച്ച വരുമാനം ലഭിക്കുന്നുണ്ട്.

കൂടാതെ ഹൈബ്രിഡ് ഇനങ്ങളുടെ കൃഷി, കൃത്യമായ വിള നിരീക്ഷണം, ഫെർട്ടിഗേഷൻ രീതിയിലുള്ള വളപ്രയോഗം, കീടരോഗ നിയന്ത്രണം എന്നിവയിലൂടേയും ഉല്പാദനവും ഉല്പാദന-ക്ഷമതയും ഇരട്ടിയിലധികം വർദ്ധിക്കുന്നതായി കണ്ടിട്ടുണ്ട്. സംസ്ഥാനത്തിനാവശ്യമായ മുഴുവൻ പച്ചക്കറികളും ഉല്പാദിപ്പിക്കാൻ ആവശ്യമായ ഹൈടെക് കൃഷി കേന്ദ്രങ്ങൾ സംസ്ഥാനത്ത് നിലവിലില്ല.

സി) മുതൽമുടക്കിനനുസൃതമായുള്ള വരുമാനം പ്രസ്തുത രീതി അവലംബിക്കുന്ന കർഷകർക്ക് ലഭ്യമാകുന്നുണ്ടോ; വിശദമാക്കമോ ?

സി) മുതൽ മുടക്കിനനുസൃതമായുള്ള വരുമാനം പ്രസ്തുത രീതി അവലംബിക്കുന്ന കർഷകർക്ക് ലഭ്യമാകുന്നുണ്ട്. 600 ച.മീറ്റർ വിസ്തീർണ്ണമുള്ള ഒരു പോളീഹൗസിൽ നിന്നും 45000 രൂപ മുതൽമുടക്കിൽ സലാഡ് വെള്ളരി കൃഷി ചെയ്ത കർഷകന് 3.20 ലക്ഷം രൂപ ലഭിക്കുന്നുണ്ട്. അതുപോലെ 56000 രൂപ മുതൽ മുടക്കിൽ കൃഷി ചെയ്യുന്ന പയറിൽ നിന്നും 2 ലക്ഷം രൂപയും 160000 രൂപ മുതൽ മുടക്കുള്ള ക്യാപ്സിക്കത്തിൽ നിന്നും 7.10 ലക്ഷം രൂപയും വരുമാനവും കർഷകർക്ക് ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ ഹൈടെക് കൃഷിയിൽ ഏർപ്പെട്ട മിക്ക കർഷകരും മികച്ച വരുമാനം നേടി ചുരുങ്ങിയ സമയം കൊണ്ട് ബാധ്യതകൾ തീർത്ത് കൃഷി ലാഭകരമാക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ